92
/2/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സ് ആയി ഉയർത്തി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (പി.യു) വകുപ്പ്

സ.ഉ.(കൈ) നം.30/2021/കൃഷി തീയതി,തിരുവനന്തപുരം, 19/02/2021

---

**ഉത്തരവ്**

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിലവിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാർ 56 വയസ്സ് പൂർത്തീകരിക്കുമ്പോൾ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ അവർക്ക് ഇ.പി.എഫ് & എം.പി ആക്ട് 1952 പ്രകാരമുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് 58 വയസ്സ് പൂർത്തിയാകുന്നതു വരെ കാത്തിരിക്കേണ്ടതുണ്ട്. ആയത് ജീവനക്കാരുടെ സാമ്പത്തിക സുരക്ഷിതത്വത്തെ ബാധിക്കുന്ന പ്രശ്നമായി നിലനിൽക്കുന്നു. ഇക്കാര്യം സംബന്ധിച്ച് ബഹു ഹൈക്കോടതിയിൽ ജീവനക്കാർ റിട്ട് ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിലവിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാർ 56 വയസ്സ് പൂർത്തീകരിക്കുമ്പോൾ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ അവർക്ക് ഇ.പി.എഫ് & എം.പി ആക്ട് 1952 പ്രകാരമുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് 58 വയസ്സ് പൂർത്തിയാകുന്നതു വരെ കാത്തിരിക്കേണ്ടി വരുന്നതിനാൽ, ജീവനക്കാരുടെ പെൻഷൻ പ്രായം സമാനസ്വഭാവമുള്ള മറ്റ് പൊതുമേഖലാസ്ഥാപനങ്ങളിലേതുപോലെ 56 ൽ നിന്നും 58 ആയി ഉയർത്തി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബോബി ആന്റണി**
**അഡിഷണൽ സെക്രട്ടറി**

മാനേജിങ് ഡയറക്ടർ , കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പ്
പൊതു ഭരണ (എസ്.സി) വകുപ്പ് (17.02.2021 തിയതിയിലെ ഇനം നമ്പർ. O.A.4784 പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ , ഐ & പി ആർ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഇനം നം: 4784

O.A.

വിഷയം : കൃഷി വകുപ്പ് - കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിലുള്ള 56 വയസ്സിൽ നിന്ന് 58 വയസ്സായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിലുള്ള 56 വയസ്സിൽ നിന്ന് 58 വയസ്സായി ഉയർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1972 മുതൽ കാർഷിക മേഖലയിൽ അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്. സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന സുഭിക്ഷകേരളം, റീ-ബിൽഡ് കേരള തുടങ്ങിയ നിരവധി പദ്ധതികളിലെ കാർഷിക വികസന പ്രവർത്തനങ്ങൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരമാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്.

3. കേരളത്തിലെ ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിൽ 58 വയസ്സാണ് . എന്നാൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഇപ്പോഴും 56 ആയി നിജപ്പെടുത്തിയിരിക്കുന്നു. കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലവിലില്ല. ഇ.പി.എഫ് & എം.പി ആക്ട് 1952 പ്രകാരമാണ് കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ജീവനക്കാർക്ക് നിലവിൽ പെൻഷൻ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത കേന്ദ്ര ആക്ട് പ്രകാരം പെൻഷനാകുന്ന ജീവനക്കാരന് 58 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ ആനുകൂല്യം ലഭ്യമായിത്തുടങ്ങുകയുള്ളൂ. ആയതിനാൽ 56 വയസ്സിൽ പെൻഷൻ ആകുന്ന ജീവനക്കാരന് പെൻഷൻ ആനുകൂല്യം ലഭ്യമാകുന്നില്ല. പെൻഷൻ ആകുന്ന ജീവനക്കാർ തങ്ങളുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് 2 വർഷം കാത്തിരിക്കേണ്ടിവരുന്നു. ഇത് അവരുടെ സാമ്പത്തിക സുരക്ഷിതത്വത്തെ ബാധിക്കുന്ന പ്രശ്നമായി നിലനിൽക്കുന്നു.

4. ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ച് ഏതാനും ജീവനക്കാർ ബഹു.ഹൈക്കോടതിയിൽ ഹർജികൾ ഫയൽ ചെയ്തിട്ടുമുണ്ട്. നിലവിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരായ ശ്രീ.ബോബൻ.എ.ജി-യും മറ്റ് 54 പേരും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനായി ബഹു.ഹൈക്കോടതിയിൽ W.P(C)3428/2020 നമ്പറായി ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

WP(C)3428/20 കേസിൽ 10.06.2020-ലെ ഇടക്കാല ഉത്തരവിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നപക്ഷം ടി കേസിലെ പരാതിക്കാരായ യഥാക്രമം ശ്രീ.പി.എ.കുഞ്ഞ്, ശ്രീമതി.വൽസമ്മ.വി.കെ എന്നിവർക്ക് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള പ്രായപരിധിക്കുള്ളിലാണെങ്കിൽ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടയിരിക്കുമെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

5. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സ്ട്രീംലൈൻ ചെയ്യുന്നതിന് 20.04.2017-ലെ ജി.ഒ(എം.എസ്) നമ്പർ 21/2017/പി&ഇ.എ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള Expert Committee-യുടെ Terms of Reference -ൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തുന്നത് നാളിതുവരെ പരിഗണിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ Expert Committee തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനോട് AGRI-PU3/33/2020-AGRI ഫയലിൽ ആവശ്യപ്പെട്ടപ്പോൾ ആ വകുപ്പ് താഴെ പറയുന്ന പ്രകാരം അറിയിച്ചു.

*"Administrative Department is informed that the Government had constituted an Expert Committee headed by Chairman - RIAB to study and recommend proposals for rationalization of pay & allowances in State PSUs. One of the terms of references of this Committee was about enhancement of retirement age in State PSUs. The Expert Committee had submitted their Report (containing recommendations on this matter also) to Hon. Finance Minister during last month.*